**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

**നമ്പർ: 266/2025**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

പ്രിയരെ,

പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന ഭാഗ്യസ്മരണാർഹനായ പരിശുദ്ധ ബസേലിയോസ് ഔഗേൻ പ്രഥമൻ ബാവാ തിരുമനസ്സ് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയിട്ട് 50 വർഷങ്ങൾ പിന്നിടുകയാണല്ലോ. പരിശുദ്ധ പിതാവിന്റെ 50-ാം ഓർമ്മപ്പെരുന്നാൾ ആ പിതാവ് അന്ത്യവിശ്രമം കൊള്ളുന്ന ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ 2025 ഡിസംബർ മാസം 7, 8 (ഞായർ, തിങ്കൾ) തീയതികളിൽ നടത്തപ്പെടുകയാണ്. പെരുന്നാൾ ചടങ്ങുകൾക്ക് നാമും നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും നേതൃത്വം നൽകുന്നതാണ്. പരിശുദ്ധ സഭയെ ജീവനുതുല്യം സ്നേഹിക്കുകയും, ധീരമായ നേതൃത്വം നൽകുകയും ചെയ്ത പ. ഔഗേൻ ബാവാ തിരുമേനി പൗരസ്ത്യ കാതോലിക്കേറ്റിന്റെ യശസ്സും മഹിമയും ഉയർത്തിപ്പിടിക്കുന്നതിൽ സദാ ജാഗരൂകനായിരുന്നു. പാണ്ഡിത്യം കൊണ്ടും താപസ ജീവിതനിഷ്ഠ കൊണ്ടും ആത്മീക ഔന്നത്യംകൊണ്ടും അദ്വിതീയ സ്ഥാനം അലങ്കരിക്കുന്ന ആ വിശുദ്ധ പിതാവിന്റെ പെരുന്നാളാചരണം പരിശുദ്ധ സഭയ്ക്ക് അനുഗ്രഹകരമായിത്തീരട്ടെ. ഈ വർഷത്തെ പെരുന്നാൾ അനുഗ്രഹകരമായി പൂർത്തീകരിക്കുന്നതിന് ഏവരുടെയും സഹകരണവും പങ്കാളിത്തവും ഉണ്ടാകണമെന്ന് നാം താത്പര്യപ്പെടുന്നു.

പരിശുദ്ധ പിതാവിന്റെ ചരമ കനക ജൂബിലിയുടെ ഭാഗമായി 2025 ഡിസംബർ മാസം 3-ാം തീയതി ബുധനാഴ്ച വൈകുന്നേരം 5 മണിക്ക് ദേവലോകം കാതോലിക്കേറ്റ് അരമനയിൽവച്ച്, മർത്തോമ്മൻ സുറിയാനി പൈതൃകം പേറുന്ന സഭകളിലെ പിതാക്കന്മാരുടെയും വൈദികരുടെയും വൈദിക വിദ്യാർത്ഥികളുടെയും സഭാ സ്നേഹിതരുടെയും ഒരു കൂടിവരവ് സ്മൃതി സന്ധ്യ എന്ന പേരിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രോഗ്രാമിനെക്കുറിച്ചുള്ള വിശദമായ നോട്ടീസ് നിങ്ങൾക്ക് ലഭിക്കുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2025 നവംബർ മാസം 12-ാം തീയതി
കോട്ടയം കാതോലിക്കേറ്റ് അരമനയിൽ നിന്നും